ലെ ഏഴര പിരമിഡുകൾ ഉണ്ടാക്കാം. ബാരലുകളിൽ നിറച്ച സൂക്ഷിച്ച വീഞ്ഞിൽ 'ക്വീൻ എലിസബത്ത്–2' എന്ന കപ്പൽ ഓടിക്കാം. മിച്ചമുള്ള പാൽപ്പൊടികൊണ്ട്, ഇററലിയിലെ കോളോസ്സിയം എന്ന റോമൻ ശില്പാവശിഷ്ടത്തിനുമീതെ എട്ടരമൈൽ ഉയരത്തിൽ ഒരു സ്തംഭം പണിതു് ഉയർത്താം; അമേരിക്കയിൽ ന്യൂയോർക്കിലെ എമ്പയർ സ്റ്റേററ് ബിൽഡിങ്ങിനെക്കാൾ വലിയ ഒരു കെട്ടിടം മിച്ചമുള്ള വെണ്ണകൊണ്ടു നിർമിക്കുകയും ആവാം!

(12 ജനുവരി, 1987)

## 19. അമ്മമാരേ, കൂടുതൽ പ്രസവിക്കുക!

അഞ്ഞൂറുകോടിയിലധികം മനുഷ്യർ ഇപ്പോൾ ഭൂമിയിൽ ഉണ്ടു്. ഓരോ സെക്കൻഡിലും മൂന്നു മനുഷ്യർവീതം (ഒരു ദിവസത്തിൽ രണ്ടു ലക്ഷത്തി അമ്പത്തൊമ്പതിനായിരത്തി ഇരുനൂറുവീതം) പിറന്നുകൊണ്ടിരിക്കുകയുമാണു്. ഇക്കഴിഞ്ഞ മുപ്പതോ ഇരുപത്തഞ്ചോ വർഷങ്ങൾക്കുള്ളിൽ പല രാജ്യങ്ങളിലും ജനസംഖ്യ ഇരട്ടിച്ചിരിക്കുന്നു. കേരളസംസ്ഥാനം രൂപവല്ക്കരിക്കപ്പെട്ടതിനുശേഷമുള്ള മുപ്പതു വർഷങ്ങളിൽ മലയാളികളുടെ സംഖ്യ ഇരട്ടിയാവുകയുണ്ടായി. വരുന്ന പത്തു വർഷങ്ങൾക്കകം പല രാജ്യങ്ങളിലും ഇന്നുള്ള ജനസംഖ്യ വീണ്ടും ഇരട്ടിയാവുമെന്നും കാണുന്നു. മിക്ക ദരിദ്രരാജ്യങ്ങളിലും, ഭൂമിക്കു താങ്ങാവുന്നതിലേറെ മനുഷ്യർ ഇപ്പോൾത്തന്നെ ഉണ്ടായിക്കഴിഞ്ഞിട്ടുണ്ടു്. സാമ്പത്തികവികസനത്തിനും ജീവിതം കൂടുതൽ സുഖകരമാക്കുന്നതിനുംവേണ്ടി നടത്തുന്ന എല്ലാ പ്രയത്നങ്ങളെയും വിഫലമാക്കുന്നുണ്ടു്, ദരിദ്രരാജ്യങ്ങളിൽ പെരുകിവരുന്ന ജനസംഖ്യ.

ജനപ്പെരുപ്പം തടയുന്നതിന്നല്ലെങ്കിൽ നിയന്ത്രിക്കുകയെങ്കിലും ചെയ്യുന്നതിനുള്ള ചില നടപടികൾ ഇന്ത്യയടക്കം പല രാജ്യങ്ങളും കൈക്കൊണ്ടുവരുന്നു. പക്ഷേ, ജനങ്ങൾ വേണ്ടത്ര സഹകരിക്കാത്തതിനാൽ ഈ നടപടികൾ ഫലിക്കാതെ പോകുന്നു. 'അമ്മമാരേ, രണ്ടിലേറെ പ്രസവിക്കാതിരിക്കുക!' എന്നാണു് ഇന്ത്യയിലെ ജനസംഖ്യാ ശാസ്ത്രജ്ഞർ, പല മട്ടിൽ, നമ്മുടെ നാട്ടിലെ സ്ത്രീകളോടു പറയുന്നതു്. പത്തു സ്ത്രീകൾക്കുകൂടി ഇരുപത്തൊന്നു കുട്ടികൾ ഉണ്ടാവുകയാണെങ്കിൽ, രാജ്യത്തിലെ ജനസംഖ്യ ഏററമോ കുറവോ കൂടാതെ സ്ഥിരമായി നിലനില്ക്കും. അതായതു്, ജനസംഖ്യ വർദ്ധിക്കാതിരിക്കണമെങ്കിൽ ഓരോ സ്ത്രീയ്ക്കും രണ്ടു് ദശാംശം ഒന്നു് (2.1) കുട്ടികളേ ഉണ്ടാകാവൂ.

ഇന്ത്യ ഉൾപ്പെടെ പല രാജ്യങ്ങളിലും ഇപ്പോൾത്തന്നെ ആകാവുന്നതിലധികം ആളുകൾ ഉണ്ടായിക്കഴിഞ്ഞിട്ടുണ്ടു്. ജനസംഖ്യ പകുതിയായി കുറയ്ക്കാൻ കഴിഞ്ഞാൽ, ഇന്ത്യയുടെ സാമ്പത്തികവികസനത്തെ നാലു മടങ്ങു് ത്വരിപ്പിക്കുവാൻ കഴിയും. ഇതു സാദ്ധ്യമാവണമെങ്കിൽ, കുറേ കാലത്തേക്കു് ഇന്ത്യയിൽ ഓരോ സ്ത്രീയ്ക്കും ഓരോ കുട്ടി മാത്രമേ ഉണ്ടാകാവൂ. ചൈനക്കാർ തങ്ങളുടെ സാമൂഹ്യലക്ഷ്യമായി സ്വീകരിച്ചിട്ടുള്ളതു് ഇതാണു്. 'നമ്മളൊന്നു്, നമുക്കൊന്നു്' എന്നതാണു് ചൈനയിലെ ഓരോ കുടുംബത്തിനും, അവിടത്തെ സർക്കാർ നൽകിയിട്ടുള്ള മുദ്രാവാക്യം. ഒന്നിലധികം കുട്ടികൾ ഇല്ലാത്ത കുടുംബം രാഷ്ട്രത്തിനു് വലിയ സേവനമാണു ചെയ്യുന്നതെന്നു് ചൈനക്കാർ, അംഗീകരിച്ചിരിക്കുന്നു. ഇന്ത്യയിലും, ജനസംഖ്യയെസ്സംബന്ധിച്ചിടത്തോളം ഇതായിരിക്കണം, ഇനി വളരെ കാലത്തേക്കു് ഓരോ കുടുംബത്തിന്റെയും ആദർശം.

സമ്പന്നരാജ്യങ്ങളിൽ പക്ഷേ, പ്രശ്നം വ്യത്യസ്തമാണ്. ആണ്ടുതോറും ജനസംഖ്യ അവിടങ്ങളിൽ കുറഞ്ഞുവരുന്നു. ഇതിൻഫലമായി കൃഷി, വ്യവസായങ്ങൾ, സേവനങ്ങൾ, പട്ടാളം എന്നീ തുറകളിലേക്ക് യോഗ്യരായ ആളുകളെ വേണ്ടതോതിൽ അവിടെ കിട്ടാതായിരിക്കുന്നു. ദരിദ്രരാജ്യങ്ങളിൽനിന്ന് തൊഴിലാളികളെ കൊണ്ടുവരാനോ, കുടിയേറ്റം അനുവദിക്കാനോ സമ്പന്നരാജ്യങ്ങളിലെ ജനങ്ങൾ സന്നദ്ധരുമല്ല. തൊലിയുടെ നിറം, മതവിശ്വാസം, വിദ്യാഭ്യാസം, സാംസ്കാരികനിലവാരം, ഭാഷ മുതലായവയിൽ വ്യത്യാസപ്പെട്ട അന്യരാജ്യങ്ങളിൽനിന്ന് ആളുകൾ തങ്ങളുടെ രാജ്യങ്ങളിൽ വന്ന് പൗരത്വം നേടുന്നതിനെ സ്വാഭാവികമായി സമ്പന്നരാജ്യങ്ങളിലെ പൗരന്മാർ അങ്ങേയറ്റം ഭയപ്പാടോടെയാണ് വീക്ഷിക്കുന്നതു്. അപ്പോൾപ്പിന്നെ എന്താണു ചെയ്യുക? ഉള്ള അമ്മമാരോടു കൂടുതൽ പ്രസവിക്കാൻ അപേക്ഷിക്കുക തന്നെ!

കൂടുതൽ പ്രസവിക്കുന്ന അമ്മമാർക്ക് പല ആനുകൂല്യങ്ങളും ഇക്കഴിഞ്ഞ 1986 നവംബർമാസത്തിൽ ഫ്രഞ്ച് ഗവണ്മെന്റ് പ്രഖ്യാപിക്കുകയുണ്ടായി. മൂന്നാമത്തേയും നാലാമത്തേയും പ്രസവത്തെത്തുടർന്ന് അമ്മമാർക്ക് ഫ്രാൻസിലെ സർക്കാർ മുമ്മൂന്നു വർഷക്കാലം 'താല്കാലിക—മാതൃത്വശമ്പളം' നല്കും. പെൺകുട്ടികൾ നേരത്തെതന്നെ കല്യാണംകഴിച്ച് പെറ്റുപെരുകാൻവേണ്ടി ബ്രിട്ടനിലെ പ്രധാനമന്ത്രി മാർഗരറ്റ് താച്ചർ കൈക്കൊണ്ട ഒരു നടപടി, സർവകലാശാലകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് ആനുകൂല്യങ്ങൾ നിഷേധിക്കുകയാണ്. കിഴക്കേ ജർമനിയിലെ കമ്യൂണിസ്റ്റ് ഗവണ്മെന്റിനുമുണ്ട് ജനസംഖ്യ വർദ്ധിപ്പിക്കുന്നതിൽ താല്പര്യം. അവിടെ നവവിവാഹിതർക്ക് വീടു വയ്ക്കാൻ പലിശയില്ലാതെ വായ്പ കിട്ടും; പുതിയ വീട്ടിൽ ഓരോ കുഞ്ഞും പിറക്കുന്ന തോതിന് വായ്പയിലെ ഒരംശം ഇളവുചെയ്തു കിട്ടുകയുംചെയ്യും.

സമ്പന്നരാജ്യങ്ങളിൽ ജനസംഖ്യ കുറഞ്ഞുവരുന്നതു് എന്തുകൊണ്ടാണ്? കുടുംബമെന്ന സ്ഥാപനത്തിന്റെ കെട്ടുറപ്പ് സമ്പന്നസമൂഹങ്ങളിൽ ക്ഷയിച്ചുവരുകയാണ്. വിവാഹംചെയ്യാതെ യുവതീയുവാക്കൾ ഒന്നിച്ചു പാർക്കുന്നതിൽ ഒരു തെറ്റും പല പരിഷ്കൃതസമൂഹങ്ങളും ഇന്നു കാണുന്നില്ല. 'കോ—ഹാബിററ്' എന്നാണ് ഈ 'സഹവാസം' ഇംഗ്ലീഷിൽ അറിയപ്പെടുന്നതു്. ആണിനും പെണ്ണിനും ജോലിയുള്ളപ്പോൾ ഗർഭധാരണവും പ്രസവവും കുഞ്ഞിനെ വളർത്തലും തീർത്തും ഒഴിവാക്കുകയല്ലെങ്കിൽ കഴിയുന്നത്ര നീട്ടിവയ്ക്കുകയെങ്കിലും ചെയ്യുന്നതാണ് സൗകര്യം. ഗർഭധാരണം തടയുന്നതിന് നിരുപദ്രവങ്ങളായ പല യാന്ത്രിക—രാസസംവിധാനങ്ങളും എവിടെയും കിട്ടാനുണ്ട്. അബദ്ധത്തിൽ ഗർഭം ധരിച്ചുകഴിഞ്ഞാൽ, മിക്ക രാജ്യങ്ങളിലും ഗർഭച്ഛിദ്രം നിയമവിധേയമാണ്. വേണമെങ്കിൽ, ശസ്ത്രക്രിയവഴി ഗർഭധാരണം എന്നന്നേക്കുമായി തടയുകയുംചെയ്യാം. പല യൂറോപ്യൻ രാജ്യങ്ങളിലും വളരെക്കാലം ഒന്നിച്ചു പാർത്തു്, ഒന്നോ, രണ്ടോ കുട്ടികൾ ഉണ്ടായിക്കഴിഞ്ഞ ശേഷമാണ് പെണ്ണും ചെറുക്കനും കല്യാണംകഴിക്കാൻ പള്ളിയിൽ പോകുന്നതു്? ഡെൻമാർക്കിൽ പത്തു യുവതികളിൽ (യുവാക്കളിലും) നാലുപേരും ഇപ്പോൾ വിവാഹംകഴിക്കാതെ 'സഹവസി'ക്കുന്നവരാണത്രേ.

ഇതിന്റെയൊക്കെ ഫലമായി യൂറോപ്യൻ രാജ്യങ്ങളിൽ പല സ്ത്രീകളും പ്രസവിക്കാതായിരിക്കുന്നു. പടിഞ്ഞാറേ ജർമനിയിൽ ശരാശരി പത്തു സ്ത്രീകൾക്ക് പതിമ്മൂന്നു കുട്ടികൾ (ഒരാൾക്ക് ഒന്ന് ദശാംശം മൂന്ന് കുട്ടി) ആണത്രേ ഇപ്പോൾ ഉള്ളതു്. ഇംഗ്ലണ്ടിൽ ഇക്കഴിഞ്ഞ പതിമ്മൂന്നു

വർഷങ്ങളിൽ പ്രസവനിരക്ക് മൂന്നിലൊന്നായും വിവാഹനിരക്ക് നാലു ശതമാനവും കുറഞ്ഞിരിക്കുന്നുവത്രേ. 1990–കളിൽ യൂറോപ്പിലെ ജനസംഖ്യ ഗണ്യമായി കുറയുമെന്നാണ് പ്രതീക്ഷ. കത്തോലിക്കർക്ക് മഹാഭൂരിപക്ഷമുള്ള ഇററലിയിൽപ്പോലും ഇതാണ സ്ഥിതി. യൂറോപ്പിൽ ജനസംഖ്യ കുറയാതെ നില്ക്കുന്ന രണ്ടു രാജ്യങ്ങൾ ഐർലൻഡും ഗ്രീസും മാത്രമാണ്. 'യൂറോപ്പ് കൂട്ടത്തോടെ ആത്മഹത്യ ചെയ്യുകയാണ്.' എന്നത്രേ ലക്സംബർഗ് എന്ന ചെറുരാജ്യത്തിലെ മുൻ പ്രധാനമന്ത്രി ഈ പ്രതിഭാസത്തെപ്പററി പറയുന്നത്.

ജനസംഖ്യ കുറഞ്ഞുവരുന്നതിൻെറ ഫലങ്ങൾ പൂർണമായി പ്രത്യക്ഷപ്പെടാൻ നാല്പതു്–അമ്പതു് വർഷങ്ങൾ എടുക്കും. ആദ്യം അനുഭവപ്പെടുന്ന ഒരു കാര്യം, സ്കൂളുകളിൽ പഠിക്കാൻ കുട്ടികൾ വേണ്ടത്ര ഇല്ല എന്നതായിരിക്കും. ഇതിനെത്തുടർന്നു വളരെയധികം അദ്ധ്യാപകർക്കു ജോലി നഷ്ടപ്പെടും. വ്യവസായശാലകളിൽ, പ്രത്യേകിച്ച് സാങ്കേതികരംഗങ്ങളിൽ, യോഗ്യതയുള്ള ജോലിക്കാരെ കിട്ടാൻ ബുദ്ധിമുട്ട് അനുഭവപ്പെട്ടു തുടങ്ങും.

ജനങ്ങളുടെ എണ്ണം കുറയുന്ന തോതിനു്, അവരുടെ ആയുസ്സ് വർദ്ധിച്ചുവരുകയുമാണ്. 1951–ൽ പടിഞ്ഞാറേ യൂറോപ്പിലെ ജനങ്ങളുടെ ശരാശരി ആയുസ്സ് 64 വർഷമായിരുന്നു. ഇപ്പോൾ അവിടെ പുരുഷന്മാർ ശരാശരി 71 വർഷവും സ്ത്രീകൾ ശരാശരി 78 വർഷവും ജീവിക്കുന്നു. ക്രിസ്തുവർഷം 2000–മാണ്ടു് ആകുമ്പോഴേക്കു് യൂറോപ്യന്മാരുടെ ശരാശരി ആയുസ്സ് 81 വർഷമായിത്തീരും.

ഇതിനു് അർത്ഥം, ജനങ്ങൾക്കിടയിൽ കിഴവന്മാരുടെ (കിഴവികളുടെയും) എണ്ണം അധികമായി വരും എന്നാണ്. ഇന്നു് യൂറോപ്പിൽ പതിനഞ്ചു ശതമാനം ജനങ്ങൾ അറുപത്തഞ്ചിനുമേൽ പ്രായമുള്ളവരാണ്. രണ്ടായിരാമാണ്ടിൽ, നൂറിൽ ഇരുപതു യൂറോപ്യന്മാരും അറുപത്തഞ്ചിലേറെ വയസ്സുള്ളവരായിരിക്കും. അറുപത്തഞ്ചു വയസ്സ് കഴിഞ്ഞു റിട്ടയർ ചെയ്യുന്നവർക്ക് പെൻഷനും വാർദ്ധക്യ വേതനവും മററും നല്കാൻ യൂറോപ്യൻ സർക്കാരുകൾ കുഴങ്ങും. എണ്ണത്തിൽ ഏറിവരുന്ന കിഴവന്മാർക്കും കിഴവികൾക്കും ആസ്പത്രിസൗകര്യങ്ങളും താമസസൗകര്യങ്ങളും മററും നൽകുകയും പ്രശ്നമാവും.

എല്ലാ കിഴവന്മാരും (കിഴവികളും) ശാരീരികമോ, മാനസികമോ ആയ അവശതകൾ ഉള്ളവരായിക്കൊള്ളണമെന്നില്ല. മാനസികമായ കഴിവുകളുടെ കാര്യത്തിൽ അവരിൽ പലരും യുവജനങ്ങളേക്കാൾ മുന്നിട്ടു നിൽക്കുന്നവരുമാവാം. ഉപകരണങ്ങളുടെ വർദ്ധിച്ചുവരുന്ന ഉപയോഗം നിമിത്തം ജോലികൾക്ക് അദ്ധ്വാനം കുറഞ്ഞുവരുകയാണ്. അതിനാൽ ഭാവിയിൽ സേവനവ്യവസായങ്ങളുടെ മേഖലകളിൽ കൂടുതൽ വൃദ്ധർ വ്യാപൃതരായേക്കാം. വയസ്സന്മാർക്ക് പുതിയ ജോലികളിൽ പരിശീലനം നൽകുന്നതിനുള്ള പരിപാടികളും സാധാരണമായിവരാം.

എന്നാലും, പട്ടാളത്തിൽ ചേരാൻ ചെറുപ്പക്കാർതന്നെ വേണമല്ലോ. 'നാറേറാ' ഉടമ്പടിപ്രകാരം നാലരലക്ഷം പട്ടാളക്കാരെ നിലനിർത്താൻ പടിഞ്ഞാറേ ജർമനി ബാധ്യസ്ഥമാണ്. ഇവരിൽ രണ്ടേകാൽ ലക്ഷം പേർ നിർബന്ധപട്ടാളപരിശീലനം നേടുന്ന യുവജനങ്ങളായിരിക്കണം എന്നുണ്ടു്. 1994–ൽ പടിഞ്ഞാറേ ജർമ്മനിയിൽ പതിനെട്ടു വയസ്സുള്ള യുവാക്കളുടെ എണ്ണം ഒരുലക്ഷത്തിയമ്പത്തിരണ്ടായിരം മാത്രമായിരിക്കുമത്രേ. അപ്പോൾ, നിർബന്ധ പട്ടാളപരിശീലനത്തിനു് ആവശ്യമായ രണ്ടേകാൽലക്ഷം യുവജനങ്ങളുടെ സംഖ്യ പടിഞ്ഞാറേ ജർമ്മനി എങ്ങനെ തികയ്ക്കാനാണ്? പെൺകുട്ടികളെ പട്ടാളത്തിൽ ചേർത്തു് എണ്ണക്കു

റവു നികത്തുകയോ, പട്ടാളക്കാരുടെ എണ്ണം കുറയ്ക്കുകയോ മാത്രമായിരിക്കും ഈ പ്രശ്നത്തിനുള്ള പരിഹാരം.

സാമ്പത്തികസഹായങ്ങളും, നേഴ്സറിസ്കൂളുകൾപോലെയുള്ള സൗജന്യസേവനങ്ങളും മുതലായ ഉത്തേജനങ്ങളും സർക്കാരുകൾ ധാരാളമായി നൽകിയിട്ടും, യൂറോപ്പിലെ സ്ത്രീകൾ സന്താനസംഖ്യ വർദ്ധിപ്പിക്കുന്നതിൽ ഇപ്പോൾ തല്പരരല്ല. 1960—ൽ ഫ്രാൻസിൽ ഓരോ സ്ത്രീയും ശരാശരി രണ്ട് ദശാംശം ഏഴ് പ്രസവിച്ചപ്പോൾ, 1986—ൽ ഓരോ ഫ്രഞ്ചുകാരിയുടേയും ശരാശരി പ്രസവം ഒന്ന് ദശാംശം എട്ടായിരുന്നു. (ജനസംഖ്യ ഇന്നത്തെ നിലയിൽ തുടരണമെങ്കിൽ ഓരോ സ്ത്രീയും രണ്ട് ദശാംശം ഒന്ന് തവണ പ്രസവിക്കണം.) 1976—ൽ, ആറു മാസത്തെ പ്രസവാവധി അടക്കം പല സൗജന്യങ്ങളും അമ്മമാർക്ക് കിഴക്കേ ജർമനിയിലെ ഗവണ്മെൻറ് അനുവദിച്ചതിൻെറ ഫലമായി, ആ രാജ്യത്തെ പ്രസവനിരക്ക് 1979 വരെ അല്പമൊന്ന് ഉയർന്നു; എങ്കിലും, 1980—നു ശേഷം അവിടെയും സ്ത്രീകളിൽ പ്രസവസന്നദ്ധത കുറഞ്ഞുവരുകയാണ്. 1980—ൽ കമ്യൂണിസ്റ്റ് റുമാനിയ ഗർഭച്ഛിദ്രം നിയമവിരുദ്ധമാക്കി; ഗർഭനിരോധോപകരണങ്ങൾ ഇറക്കുമതി ചെയ്യുന്നതു് നിരോധിക്കുകയുംചെയ്തു. എന്നിട്ടും അവിടത്തെ പ്രസവനിരക്ക് കാര്യമായി വർദ്ധിച്ചിട്ടില്ല.

പത്തുമാസം ചുമന്നു പെററ് കുഞ്ഞുങ്ങളെ വളർത്താൻ പ്രകൃതി നൽകിയ താല്പര്യം യൂറോപ്പിലെ യുവതികളിൽ കുറഞ്ഞുവരുന്നതിനു കാരണം, മനുഷ്യവർഗത്തിൻെറ ഭാവിയെപ്പററി അവർക്കുള്ള ആശങ്കയാണോ? അണുബോംബുകളുടെ അഗ്നിപ്രളയത്തിൽ കരിഞ്ഞൊടുങ്ങാൻ കുട്ടികളെ തങ്ങൾ എന്തിനു പെററുവളർത്തിക്കൊണ്ടുവരണം എന്ന ചിന്ത, ബോധപൂർവമായോ, അബോധപൂർവമായോ, യൂറോപ്യൻസ്ത്രീകളുടെ ചേതനയിൽ വേരൂന്നിയിരിക്കുകയാണോ?

അങ്ങനെയാണെങ്കിൽ, അണ്വായുധനിർമുക്തവും സമാധാനപൂർണവുമായ ഒരു ലോകവ്യവസ്ഥിതി നിലവിൽ വന്നുകഴിഞ്ഞാൽ, വംശവർദ്ധനയ്ക്കുള്ള പ്രകൃതിദത്തമായ പ്രചോദനം യൂറോപ്പിലെ യുവതികളിലും രണ്ടാമത്തും നാമ്പെടുത്തു വളരുകയില്ലേ? തങ്ങളുടെ മുത്തശ്ശിമാരേയും മുതുമുത്തശ്ശിമാരേയുംപോലെ അവരും പ്രസവകാര്യത്തിൽ പരസ്പരം മത്സരിച്ചുതന്നെ മുന്നേറുകയില്ലേ? അതോടെ, യൂറോപ്പിലെ ജനസംഖ്യാക്ഷയത്തെക്കുറിച്ചുള്ള ആശങ്കകൾ എല്ലാം അസ്ഥാനത്താവുകയുമില്ലേ?

ഇതൊക്കെ പണക്കാരുടെ കാര്യം. പണമില്ലാത്ത ഇന്ത്യപോലുള്ള നാടുകളിൽ,സ്ത്രീയുടെ ശരാശരി പ്രസവനിരക്ക് പരമാവധി താഴ്ത്തിക്കൊണ്ടുവരികയാണ് ഇപ്പോഴത്തേയും (ഒരു പക്ഷേ, ഇനി എപ്പോഴത്തേയും) ആവശ്യം. എന്നിട്ടും, ഇടുങ്ങിയ മത—ജാതി പരിഗണനകളുടെ അന്ധത ബാധിക്കുകമൂലം, സ്വന്തം മത—ജാതി വിഭാഗക്കാരോട് കൂടുതൽ പ്രസവിക്കാൻ ആവശ്യപ്പെടുന്നവർ നമ്മുടെ ഇടയിൽ ഇല്ലായ്കയില്ല. തല്ക്കാലത്തേക്കെങ്കിലും ജയിക്കുന്നതാകട്ടെ അവരാണു താനും! 'നമ്മൾ രണ്ട്, നമുക്കു രണ്ട്.' എന്ന മുദ്രാവാക്യംപോലും ഇന്ത്യയിൽ ഇപ്പോഴും വനരോദനമായി തുടരുന്നതേ ഉള്ളൂ.

(1 ഫെബ്രുവരി, 1987)